ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1150

# സൂറ - 40 / ഗാഫിർ

## സൂക്തം: 28 - 31

അസത്യത്തിന്റെയും അധർമത്തിന്റെയും പാതയിലൂടെ കുതിച്ചു മുന്നേറിക്കൊണ്ടിരുന്നപ്പോൾ, പെട്ടെന്നൊരുനാൾ അല്ലാഹുവിന്റെ ശിക്ഷ അവരെ ഈ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യുകയായിരുന്നു. ചിലർ മഹാപ്രളയത്തിൽ മുങ്ങിയൊടുങ്ങി. ചിലർ ഭൂകമ്പത്തിലാണ്ടുപോയി, ചിലർ കൊടുങ്കാറ്റിൽ പാറിപ്പോയി. ചിലർ ഭീകര സ്ഫോടനത്താൽ സ്വവസതികളിൽ മരിച്ചു വീണു. ഇതൊന്നും അല്ലാഹു അവന്റെ ദാസന്മാരെ അക്രമിക്കുകയായിരുന്നില്ല അവരുടെ അക്രമത്തിന്റെയും ദുഷ്ചെയ്തികളുടെയും തിക്തഫലം അനുഭവിക്കുകയായിരുന്നു.

وَقَالَ رَجُلٌ مُّؤْمِنٌ مِّنْ ءَالِ فِرْعَوْنَ يَكْتُمُ إِيمَٰنَهُۥٓ
أَتَقْتُلُونَ رَجُلًا أَن يَقُولَ رَبِّىَ ٱللَّهُ وَقَدْ جَآءَكُم بِٱلْبَيِّنَٰتِ
مِن رَّبِّكُمْ ۖ وَإِن يَكُ كَٰذِبًا فَعَلَيْهِ كَذِبُهُۥ ۖ وَإِن يَكُ
صَادِقًا يُصِبْكُم بَعْضُ ٱلَّذِى يَعِدُكُمْ ۖ إِنَّ ٱللَّهَ لَا يَهْدِى
مَنْ هُوَ مُسْرِفٌ كَذَّابٌ ﴿٢٨﴾

28. ഫറവോൻ പ്രഭൃതികളിൽപ്പെട്ട സത്യവിശ്വാസിയായ -തന്റെ സത്യവിശ്വാസം മറച്ചു പിടിക്കുന്ന- ഒരാൾ പ്രസംഗിച്ചു: എന്റെ നാഥൻ സാക്ഷാൽ സത്യദൈവമാകുന്നു എന്നു പറയുന്നതിന്റെ പേരിൽ നിങ്ങൾ ഒരാളെ കൊന്നുകളയുകയോ?! അയാളാകട്ടെ, വിധാതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവുകളുമായിട്ടാകുന്നു വന്നിട്ടുള്ളത്. അയാൾ വ്യാജനാണെങ്കിൽ ആ വ്യാജത്തിന്റെ ദോഷം അയാൾക്കു തന്നെയാണല്ലോ. ഇനി സത്യവാനാണെങ്കിലോ, അയാൾ താക്കീതു ചെയ്യുന്ന വിപത്തുകളിൽ ചിലത് നിങ്ങളെ ബാധിക്കുമെന്നുറപ്പാകുന്നു. പെരുംനുണയനായ ആരെയും അല്ലാഹു ലക്ഷ്യത്തിലെത്തിക്കുകയില്ലെന്നുറപ്പാകുന്നു.

**28**

وَقَالَ رَجُلٌ مُّؤْمِنٌ مِّنْ آلِ فِرْعَوْنَ = ഫറവോൻ പ്രഭൃതികളിൽ പെട്ട സത്യവിശ്വാസിയായ ഒരാൾ പറഞ്ഞു (പ്രസംഗിച്ചു)

يَكْتُمُ إِيمَانَهُ = തന്റെ സത്യവിശ്വാസം മറച്ചു പിടിക്കുന്നു

أَتَقْتُلُونَ رَجُلًا = നിങ്ങൾ ഒരാളെ കൊന്നുകളയുകയോ? أَن يَقُولَ = അയാൾ പറയുന്നതിന് (തിന്റെ പേരിൽ)

رَبِّيَ اللَّهُ = എന്റെ നാഥൻ അല്ലാഹു (സാക്ഷാൽസത്യദൈവം) ആകുന്നു എന്ന്

وَقَدْ جَاءَكُم بِالْبَيِّنَاتِ = അയാളാകട്ടെ തീർച്ചയായും നിങ്ങളിൽ വന്നിട്ടുള്ളത് വ്യക്തമായ തെളിവുകളുമായിട്ടാകുന്നു

مِن رَّبِّكُمْ = നിങ്ങളുടെ വിധാതാവിങ്കൽ നിന്നുള്ള وَإِن يَكُ كَاذِبًا = അയാൾ വ്യാജൻ ആകുന്നുവെങ്കിൽ

فَعَلَيْهِ كَذِبُهُۥ = അപ്പോൾ അയാളുടെ വ്യാജം അയാളുടെ മേൽ ആകുന്നു (ആ വ്യാജത്തിന്റെ ദോഷം അയാൾക്കു തന്നെയാണല്ലോ)
وَإِن يَكُ صَادِقًا = (ഇനി) അയാൾ സത്യവാനാണെങ്കിൽ (ലോ) يُصِبْكُم = നിങ്ങളെ ബാധിക്കും (എന്നുറപ്പാകുന്നു)
بَعْضُ الَّذِي يَعِدُكُمْ = അയാൾ നിങ്ങളെ താക്കീതു ചെയ്യുന്നതി(ന്ന വിപത്തുകളി)ൽ ചിലത്
إِنَّ اللَّهَ لَا يَهْدِي = അല്ലാഹു നേർവഴിക്കു നയിക്കുകയില്ല, ലക്ഷ്യത്തിലെത്തിക്കുകയില്ല
مَنْ هُوَ مُسْرِفٌ كَذَّابٌ = പെരും നുണയനായ അക്രമി (യായ ആരെയും) ആരോ അവനെ

ഫറവോൻ മൂസാ നബിയെ വധിക്കാനുള്ള തന്റെ തീരുമാനത്തിന് രാജസഭയുടെ അംഗീകാരം തേടിയപ്പോൾ അതിനെ എതിർത്തുകൊണ്ട് ഒരു സത്യവിശ്വാസി സഭക്കുമുമ്പിൽ നടത്തിയ പ്രഭാഷണം ഉദ്ധരിക്കുകയാണ് ഇനി ഏതാനും സൂക്തങ്ങൾ. ഈ സത്യവിശ്വാസിയെ ബൈബിളോ ഇസ്രായീലി കഥകളോ പരാമർശിക്കുന്നില്ല. مُؤْمِنٌ مِّنْ آلِ فِرْعَوْنَ എന്ന വാക്ക് ഇദ്ദേഹം ഫറവോൻ കുടുംബത്തിലെ ഒരംഗമായിരുന്നു എന്ന് സൂചിപ്പിക്കുന്നു. പ്രവാചകനാകുന്നതിനു മുമ്പ് മൂസാ(അ) അബദ്ധത്തിൽ ഒരു ഖിബ്ത്വിയെ വധിക്കുകയുണ്ടായല്ലോ. തുടർന്ന് രാജസഭ അദ്ദേഹത്തിന് വധശിക്ഷ വിധിക്കുകയുമുണ്ടായി. തക്ക സമയത്ത് മൂസാ നബിയെ വിവരമറിയിക്കുകയും രാജകിങ്കരന്മാർ പിടികൂടും മുമ്പ് ഈജിപ്തിൽനിന്ന് പലായനം ചെയ്യാൻ ഉപദേശിക്കുകയും ചെയ്തത് ഈ പ്രഭാഷകനായിരുന്നുവെന്നാണ് മിക്ക മുഫസ്സിറുകളുടെയും നിരീക്ഷണം. അപൂർവം ചിലർ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്: مِّنْ آلِ فِرْعَوْنَ-ഫറവോൻ കുടുംബത്തിൽനിന്ന്- എന്ന വാക്കിന്റെ ബന്ധം يَكْتُمُ إِيمَانَهُ- സത്യവിശ്വാസം മറച്ചുവെക്കുന്ന' എന്ന വാക്കുമായി ബന്ധപ്പെട്ടതാണ്. അതായത്, താൻ മൂസയിൽ വിശ്വസിക്കുന്നവനാണ് എന്ന കാര്യം ഫറവോനികളിൽനിന്ന് മറച്ചുപിടിക്കുന്ന വിശ്വാസി. آلِ - കുടുംബം മാത്രമല്ല. ഒരാളുടെ അനുയായികളും സഖാക്കളും ശിഷ്യന്മാരും സഹപ്രവർത്തകരും സേവകരുമൊക്കെ അയാളുടെ آلِ -ൽ പെടും. ഫറവോനുമായുള്ള അദ്ദേഹത്തിന്റെ ബന്ധം ഏതുതരത്തിലുള്ളതായിരുന്നാലും ഫറവോന്റെ സഭയിൽ അദ്ദേഹത്തിനു പ്രവേശനവും സ്വാധീനവും ഉണ്ടായിരുന്നുവെന്നത്, വ്യക്തമാണ്. ഇല്ലെങ്കിൽ ഫറവോന്റെ വധവിധി യഥാസമയം മൂസാ നബിയെ അറിയിക്കാനോ ഇപ്പോഴത്തെ വിധിക്കെതിരെ സഭയിലെഴുന്നേറ്റ് പ്രസംഗിക്കാനോ സാധിക്കുമായിരുന്നില്ല.

മൂസാനബി മദ്‌യനിലേക്കു പലായനം ചെയ്യുന്നതിനു മുമ്പേ അദ്ദേഹത്തോടു കൂറും സ്നേഹവുമുള്ള, ഫറവോൻ വംശജനായ രാജസഭാംഗമായിരുന്നു ഇദ്ദേഹം. മൂസാ നബി മദ്‌യനിൽനിന്ന് തിരിച്ചുവന്ന് ഇസ്‌ലാമിക പ്രബോധനം തുടങ്ങിയപ്പോൾ ഇയാൾ ആ സന്ദേശത്തിൽ വിശ്വസിക്കുകയും രഹസ്യമായി പിന്തുടരുകയും ചെയ്തു. വിശ്വാസം ഒളിച്ചു വച്ചതിന് രണ്ടു കാരണമാകാം. 1) ആത്മരക്ഷാർഥം. ഫറവോന്റെ മതംവിട്ട് ഇസ്രായിലി പ്രവാചകന്റെ മതം സ്വീകരിക്കുന്നതും ദേശവിരുദ്ധവും രാജ്യദ്രോഹപരവുമായ നടപടിയായിട്ടാണല്ലോ ഫറവോൻ കാണുന്നത്. രാജദ്രോഹത്തിന് മരണത്തിൽ കുറഞ്ഞ ശിക്ഷയില്ല. 2) താൻ വിശ്വാസം വെളിപ്പെടുത്തി രാജാവിനെയും രാജസഭയെയും വെടിഞ്ഞ് പുറത്തുപോരുന്നതിനെക്കാൾ, മൂസാ നബിക്കും ഇസ്‌ലാമിക പ്രസ്ഥാനത്തിനും മികച്ച സേവനം ചെയ്യാൻ സഹായകമാവുക ആദർശമാറ്റം മറച്ചു പിടിച്ച് ഫറവോന്റെ പാർശ്വവർത്തിയും രാജസഭയിൽ അംഗവുമായി തുടരുന്നതാണെന്ന് അദ്ദേഹം കരുതി. മൂസാ(അ)ക്കെതിരെ ഫറവോന്റെ നീക്കങ്ങൾ മനസ്സിലാക്കാനും അപകടകരമായ നീക്കങ്ങൾക്കു തടയിടാനും പ്രവാചകന് ആവശ്യമായ മുന്നറിയിപ്പുകൾ നൽകാനും അതാണുപകരിക്കുക. ഒരു പക്ഷെ അദ്ദേഹം തന്നെയാവാം ഫറവോന്റെ വധോദ്യമം മൂസാനബിയെ അറിയിച്ചത്. 26-ാം സൂക്തം ഉദ്ധരിച്ച മൂസാനബിയുടെ പ്രാർഥനക്ക് അല്ലാഹു നൽകിയ ഉത്തരമായിരുന്നു ഈ സത്യവിശ്വാസിയുടെ രംഗപ്രവേശം.

നിർബന്ധിതാവസ്ഥകളിൽ വിശ്വാസി പൊതുസമൂഹത്തിൽ അവിശ്വാസിയായി നടിച്ചു ജീവിക്കുന്നത് ക്ഷന്തവ്യമാകുന്നു. ഖുർആൻ 16:106-ൽ അക്കാര്യം വ്യക്തമായി പറയുന്നുണ്ട്:

مَن كَفَرَ بِاللَّهِ مِن بَعْدِ إِيمَانِهِ إِلَّا مَنْ أُكْرِهَ وَقَلْبُهُ مُطْمَئِنٌّ بِالْإِيمَانِ وَلَٰكِن مَّن شَرَحَ بِالْكُفْرِ صَدْرًا فَعَلَيْهِمْ غَضَبٌ مِّنَ اللَّهِ وَلَهُمْ عَذَابٌ عَظِيمٌ

(ഒരുവൻ സത്യവിശ്വാസം കൈക്കൊണ്ടശേഷം അല്ലാഹുവിനെ നിഷേധിച്ചാൽ, മനസ്സിൽ സത്യവിശ്വാസം രൂഢമായിരിക്കെ ബലാൽക്കാരം അതിനു നിർബന്ധിക്കപ്പെട്ടതാണെങ്കിൽ ക്ഷന്തവ്യമാകുന്നു. എന്നാൽ തുറന്ന മനസ്സോടെ സത്യനിഷേധം സ്വീകരിക്കുന്നവൻ ദൈവകോപത്തിനിരയാകുന്നു. അത്തരക്കാർക്ക് പരലോകത്ത് ഭയാനകമായ ശിക്ഷയുണ്ട്). സത്യനിഷേധ നാട്യം ക്ഷന്തവ്യമാകുന്ന നിർബന്ധിതാവസ്ഥക്ക് കൃത്യമായ മാനദണ്ഡം നിർണയിക്കപ്പെട്ടിട്ടില്ല. നേരത്തെ സൂചിപ്പിക്കപ്പെട്ട ആത്മരക്ഷയും, ദീനിന്റെയും ദീനി പ്രസ്ഥാനത്തിന്റെ സുരക്ഷയും ആവശ്യപ്പെടുന്ന സാഹചര്യങ്ങളെ പൊതുവിൽ നിർബന്ധിതാവസ്ഥകളായി കണക്കാക്കപ്പെടുന്നു. അതിന്റെ ഉദാഹരണമാണ് ഈ ഫറവോനി വിശ്വാസിയുടെ നടപടി. ആത്മരക്ഷാർഥം കുഫ്റ് നടിക്കുന്നതിന് പരിധിയുണ്ട്. ഇസ്‌ലാമും ഇസ്‌ലാമിക നേതൃത്വവും അപകടത്തിലാകുമ്പോൾ അതു ചെറുക്കാതിരിക്കാൻ കുഫ്റ് നാട്യം തടസ്സമായിക്കൂടാ. അത്തരം സന്ദർഭങ്ങളിൽ നാട്യം ഉപേക്ഷിച്ച് തെളിഞ്ഞ സത്യവിശ്വാസിയായി എഴുന്നേറ്റ് ചെറുത്തുനിൽക്കാൻ തയാറാകണം. അതിനു കൂടിയുള്ള ഉദാഹരണമാകുന്നു ഇവിടെ പരാമർശിക്കുന്ന ഫറവോനി വിശ്വാസി. ഇസ്‌ലാമിക ചരിത്രത്തിൽ ഇത്തരം പല വിശ്വാസികളെയും കാണാം. പ്രവാചകന്റെ പിതൃവ്യൻ അബ്ബാസ്(റ) ഹുദൈബിയ ഉടമ്പടിക്ക് മുമ്പേ മുസ്‌ലിമായിരുന്നു. ഹുദൈബിയ ഉടമ്പടി വേളയിൽ പ്രവാചകന്റെ വക്കീലും വക്താവുമായി വർത്തിച്ചത് അദ്ദേഹമാണ്. എന്നാൽ ഖുറൈശികൾക്കിടയിൽ അദ്ദേഹം അവരെപ്പോലൊരു മുശ്‌രിക്ക് ആയിട്ടാണ് വർത്തിച്ചത്. അബ്ബാസ് (റ) പരസ്യമായി ഇസ്‌ലാം സ്വീകരിച്ചത് പ്രവാചകന്റെ ഹിജ്റ കഴിഞ്ഞു കുറെ വർഷങ്ങൾക്കു ശേഷമാണ്. അഹ്സാബ് യുദ്ധകാലത്ത് സഖ്യകക്ഷികളിൽ പെട്ട ഒരാൾ-നുഐമുബ്നു മസ്ഊദിൽ അശ്ജഈ- പാർത്തും പതുങ്ങി

യും പ്രവാചകന്റെ അടുത്തുവന്ന് അറിയിച്ചു: ''തിരുദൂതരേ, ഞാന്‍ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു. ഈ ഘട്ടത്തില്‍ എന്റെ വല്ല സേവനവും അങ്ങെക്ക് ആവശ്യമുണ്ടോ?'' പ്രവാചകന്‍ പറഞ്ഞു: ''ഉണ്ട്, ഇപ്പോള്‍ നിങ്ങളുടെ മാനസാന്തരം രഹസ്യമായിരിക്കട്ടെ. സഖ്യസേനയില്‍ അവരിലൊരാളായി തിരിച്ചു ചെന്ന് അവര്‍ക്കിടയില്‍ ഭിന്നിപ്പുണ്ടാക്കാന്‍ ശ്രമിക്കുക.'' സഖ്യകക്ഷികളില്‍ തിരിച്ചു ചെന്ന നുഐം സഖ്യ സൈന്യത്തെയും മദീനയിലെ ജൂതന്മാരെയും തമ്മില്‍ പിണക്കുന്നതില്‍ വിജയിച്ചു. ജൂതന്മാരുടെ സഹായമില്ലാതെ സഖ്യസൈന്യത്തിന് മദീനയിലേക്ക് കടന്നുകയറാന്‍ കഴിയില്ലായിരുന്നു. ഈ സംഭവമാണ് അഹ്‌സാബ് യുദ്ധത്തില്‍ സഖ്യകക്ഷികളുടെ പരാജയത്തിന് നാന്ദി കുറിച്ചത്. *സൂറ അഹ്‌സാബില്‍* അഹ്‌സാബ് യുദ്ധം വിവരിക്കുന്ന ഭാഗത്ത് ഖുര്‍ആന്‍ ബോധനം ഈ സംഭവം വിശദീകരിച്ചിട്ടുണ്ട്.

രസകരമായ മറ്റൊരു ഉദാഹരണമാണ് ഹജ്ജാജ് ബ്നു അമാത്വിസ്സുലമിയുടേത്. ജൂതനായിരുന്ന ഇദ്ദേഹം ഖൈബര്‍ യുദ്ധ വേളയില്‍ പ്രവാചകന്റെ അടുത്തുവന്നിട്ട് അറിയിച്ചു: ''ദൈവദൂതരേ, അല്ലാഹു എന്റെ മനസ്സ് ഇസ്‌ലാമിനായി തുറന്നു തന്നിരിക്കുന്നു. സാക്ഷാല്‍ ദൈവമല്ലാതെ ദൈവമില്ലെന്നും അങ്ങ് ആ ദൈവത്തിന്റെ ദൂതനാണെന്നും ഞാനിതാ സാക്ഷ്യപ്പെടുത്തുന്നു. ഇപ്പോള്‍ ഞാന്‍ മക്കിയിലേക്കു പോവുകയാണ്. എനിക്കവിടെനിന്ന് കുറെ ധനം കിട്ടാനുണ്ട്. അവിടെയെത്തുമ്പോള്‍ ഖുറൈശികള്‍ എന്നോട് അങ്ങയെക്കുറിച്ചു ചോദിക്കുമെന്നുറപ്പാണ്. അപ്പോള്‍ അവരെ തൃപ്തിപ്പെടുത്തുംവണ്ണം സംസാരിക്കാന്‍ എനിക്കനുവാദം തരണം. എന്നാലേ എന്റെ ധനം തിരിച്ചു കിട്ടൂ.'' പ്രവാചകന്‍ അയാളോടു പറഞ്ഞു: ''നിങ്ങള്‍ ഉദ്ദേശിക്കുന്ന രീതിയില്‍ സംസാരിച്ചുകൊള്ളുക.''

ഹജ്ജാജ് മക്കയിലെത്തിയപ്പോള്‍ ഖുറൈശികള്‍ അദ്ദേഹത്തെ വളഞ്ഞു: ''ആ قطع (ഖുറൈശികള്‍ പ്രവാചകനെ വിളിച്ചിരുന്ന ഒരാക്ഷേപപ്പേരാണിത്. പുതിയ മതം കൊണ്ടുവന്ന് ദമ്പതികളെയും ബന്ധുക്കളെയുമൊക്കെ തമ്മില്‍ പിണക്കുന്നവന്‍ എന്നാണുദ്ദേശ്യം) ഖൈബറിലേക്ക് പോയോ? എന്താണ് വിശേഷം?'' ഹജ്ജാജ് പറഞ്ഞു: ''ഓ, അയാള്‍ പോയി. തോറ്റു തുന്നം പാറുകയും ചെയ്തു. അയാളുടെ ആളുകളേറെയും കൊല്ലപ്പെട്ടു. ബാക്കിയുള്ളവരെ യഹൂദര്‍ പിടികൂടിക്കൊണ്ടിരിക്കുന്നു. താമസിയാതെ അവര്‍ ആ ബന്ധനസ്ഥരെയും കൊണ്ട് ഇങ്ങോട്ടു വരും. അവരെ നിങ്ങള്‍ക്ക് ഏല്‍പിച്ചു തരാന്‍; അങ്ങനെ നിങ്ങളുമായി സുദീര്‍ഘമായ ഐക്യദാര്‍ഢ്യമുണ്ടാക്കാന്‍. ഞാനിപ്പോള്‍ വന്നത് ഇന്നാട്ടുകാരുടെ കൈവശമുള്ള എന്റെ മുതലുകള്‍ കൊണ്ടുപോകാനാണ്. ആ ബന്ധനസ്ഥര്‍ വില്‍ക്കപ്പെടുന്നതിനു മുമ്പ് അവിടെയെത്തി കുറെയെണ്ണത്തെ വാങ്ങണം.'' ഇതുകേട്ട് ഖുറൈശികള്‍ക്കു ബഹു സന്തോഷമായി. അവര്‍ പെട്ടെന്നു തന്നെ ഹജ്ജാജിന്റെ മുതലുകള്‍ സംഘടിപ്പിച്ചു കൊടുത്തു ആശംസകളോടെ യാത്രയാക്കി. ഇതൊക്കെ കണ്ട അബ്ബാസ്(റ) ഹജ്ജാജിനോട് ചോദിച്ചു: ''താനിപ്പറഞ്ഞതൊക്കെ സത്യമാണോ?'' ''നിങ്ങള്‍ രഹസ്യം സൂക്ഷിക്കുമോ?'' ''അല്ലാഹുവാണ സൂക്ഷിച്ചുകൊള്ളാം.'' ''എങ്കില്‍ ഞാന്‍ ആളുകളുടെ കാഴ്ചയില്‍നിന്നു മറയുന്നതുവരെ നിങ്ങളിവിടെ നില്‍ക്കുക. ഞാന്‍ കാഴ്ചയില്‍നിന്നു മറഞ്ഞാല്‍ നിങ്ങള്‍ എന്റെ പിമ്പേ വരിക. ഞാന്‍ കാത്തുനില്‍ക്കാം.'' അബ്ബാസ് എത്തിയപ്പോള്‍ ഹജ്ജാജ് പറഞ്ഞു: ''മുഹമ്മദ് ഖൈബറില്‍ വിജയശ്രീലാളിതനായ ശേഷമാണ് ഞാനദ്ദേഹത്തെ പിരിഞ്ഞുപോന്നത്. പക്ഷെ, ഈയാളുകളുടെ കൈവശമുള്ള എന്റെ മുതല്‍ തിരിച്ചു കിട്ടാന്‍ എനിക്കിങ്ങനെയൊരടവ് സ്വീകരിക്കേണ്ടി വന്നതാണ്. താങ്കള്‍ മൂന്നു ദിവസം വരെ ഇതാരോടും പറയരുത്. അതിനുശേഷം അവര്‍ക്കെന്നെ പിന്തുടര്‍ന്ന് പിടികൂടാനാവില്ല. മൂന്നു ദിവസം കഴിഞ്ഞാല്‍ ഇഷ്ടംപോലെ പരസ്യപ്പെടുത്തിക്കൊള്ളുക.''

ഈ സത്യവിശ്വാസിയുടെ കഥ ഇവിടെ ഉദ്ധരിക്കുന്നതിന് സാന്ദര്‍ഭികമായ ഒരൗചിത്യമുണ്ട്. ഖുറൈശികള്‍ പ്രവാചകനെ വധിക്കാന്‍ പലതരം ഗൂഢാലോചനകള്‍ നടത്തിക്കൊണ്ടിരുന്ന സാഹചര്യത്തിലാണ് ഈ സൂറ അവതരിക്കുന്നത്. ആ നീക്കത്തെക്കുറിച്ച് മക്കയിലെ വിശ്വാസികള്‍ക്കും അവിശ്വാസികള്‍ക്കും അറിയാമായിരുന്നു. പ്രവാചകനെ കൊന്നുകളയുക എന്ന ആശയത്തോട് അവിശ്വാസികളുടെ കൂട്ടത്തില്‍ തന്നെ പലരും മനസാ യോജിച്ചിരുന്നില്ല. അക്കൂട്ടത്തില്‍ ചിലര്‍ ഉള്ളാല്‍ പ്രവാചകനില്‍ വിശ്വസിക്കുന്നവരും സ്വരക്ഷയും സ്വാര്‍ഥ ലാഭങ്ങളും പരിഗണിച്ച് അത് മറച്ചു പിടിക്കുന്നവരുമായിരുന്നു. ഈ കഥ ഉദ്ധരിച്ചുകൊണ്ട് അത്തരം ആളുകളെ ഉണര്‍ത്തുകയാണ്: നിങ്ങള്‍ സധൈര്യം എഴുന്നേറ്റുനിന്ന്, പ്രവാചകനെ വധിക്കാനുള്ള നിങ്ങളുടെ നേതാക്കളുടെ നീക്കം തികഞ്ഞ അക്രമവും അനീതിയുമാണെന്ന് ഉറക്കെ പറയേണ്ട സന്ദര്‍ഭമാണിത്.

ഫറവോനികള്‍ മൂസാ(അ)യെ വധിക്കാന്‍ തീരുമാനിച്ചപ്പോള്‍ സഭയിലുണ്ടായിരുന്ന രഹസ്യ വിശ്വാസി അനന്തരഫലം ഭയപ്പെടാതെ ആ തീരുമാനത്തെ ചോദ്യം ചെയ്തു: എന്റെ നാഥന്‍ സാക്ഷാല്‍ ദൈവമാകുന്നു എന്നു പറഞ്ഞതിന്റെ പേരില്‍ നമ്മള്‍ ഒരാളെ വധിക്കുന്നതില്‍ എന്തു നീതി, എന്തു ന്യായം? അയാള്‍ താനാണ് നിങ്ങളുടെ നാഥന്‍ എന്നല്ലല്ലോ പറഞ്ഞത്. രാജ്യം എന്റേതാണെന്നു പോലും അയാള്‍ പറഞ്ഞിട്ടില്ല. തന്റെ നാഥന്‍ അല്ലാഹുവാണെന്നും ആ അല്ലാഹുവിന്റെ ദൂതനാണ് താനെന്നും വെറുതെ പറയുകയല്ല അയാള്‍ ചെയ്തിട്ടുള്ളത്. അത് ബോധ്യപ്പെടാന്‍ പര്യാപ്തമായ ദൃഷ്ടാന്തങ്ങളും തെളിവുകളും അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആ ദൃഷ്ടാന്തങ്ങളെ വെല്ലുവിളിച്ച മാന്ത്രികന്മാര്‍ ദയനീയമായി പരാജയപ്പെടുകയും മൂസായില്‍ വിശ്വസിക്കുകയും ചെയ്തതോടെ യാഥാര്‍ഥ്യം അസന്ദിഗ്ധമായി സ്ഥാപിതമായിരിക്കുന്നു. ഇനി അദ്ദേഹം അവതരിപ്പിച്ച ദൃഷ്ടാന്തങ്ങള്‍ തട്ടിപ്പാണെന്നും അയാള്‍ വ്യാജനാണെന്ന് തന്നെയാണ് നിങ്ങള്‍ കരുതുന്നതെന്നും വെയ്ക്കുക. എങ്കില്‍ തന്നെ അത് അദ്ദേഹത്തെ കൊല്ലുന്നതിനുള്ള ന്യായമാകുമോ? അദ്ദേഹം അല്ലാഹുവിന്റെ പേരില്‍ മാന്ത്രികവിദ്യകള്‍ കാട്ടി ആളുകളെ പറ്റിക്കുകയാണെങ്കില്‍ അല്ലാഹു അയാളെ വെറുതെ വിടുമോ? അല്ലാഹുവിന്റെ പേരില്‍ കള്ളവും കാപട്യവും കാട്ടുന്നവരെ തീര്‍ച്ചയായും അല്ലാഹു തന്നെ ശിക്ഷിച്ചുകൊള്ളും. അയാളുടെ കള്ളവും കാപട്യവും നമ്മളെ ഒരു തരത്തിലും ബാധിക്കുകയുമില്ല. മറിച്ച് അയാള്‍ സത്യവാനാണെങ്കിലോ, ആ സത്യത്തെ നിഷേധിക്കുന്നവരെ ബാധിക്കുമെന്ന് അദ്ദേഹം താക്കീതു ചെയ്യുന്ന വിപത്തുകളില്‍ ചിലതെങ്കിലും നമ്മെ ബാധിക്കുമെന്ന കാര്യം ഉറപ്പാണല്ലോ. അപ്പോള്‍ മഹാധിക്കാരികളും യാഥാര്‍ഥ്യങ്ങളെ തള്ളിപ്പറയുന്നവരും നമ്മളായിരിക്കും; മറിച്ചാണെങ്കില്‍ മൂസായും. നിരങ്കുശമായി അക്രമവും അനീതിയും ചെയ്യുന്നവനാണ് مُسْرِفٌ. സത്യത്തെ തള്ളിപ്പറയുന്നവനും പെരും നുണയനുമാണ് كَذَّابٌ. ●

29. എന്റെ ജനമേ, ഇന്നു നിങ്ങൾക്ക് രാജ്യാധികാരമുണ്ട്. ഭൂമിയിൽ ജേതാക്കളുമാകുന്നു. പക്ഷെ അല്ലാഹുവിന്റെ ശക്തി നമുക്കെതിരെ വരികയാണെങ്കിൽ ആരാണ് നമ്മെ തുണക്കാനുണ്ടാവുക? ഫറവോൻ പ്രസ്താവിച്ചു: ഞാൻ ഗഹനമായി ആലോചിച്ചു കണ്ടെത്തിയതു മാത്രമാകുന്നു നിങ്ങളോട് പറയുന്നത്. നേർവഴിക്കു തന്നെയാണ് ഞാൻ നിങ്ങളെ നയിക്കുന്നത്.

يَٰقَوۡمِ لَكُمُ ٱلۡمُلۡكُ ٱلۡيَوۡمَ ظَٰهِرِينَ فِي ٱلۡأَرۡضِ فَمَن يَنصُرُنَا مِنۢ بَأۡسِ ٱللَّهِ إِن جَآءَنَاۚ قَالَ فِرۡعَوۡنُ مَآ أُرِيكُمۡ إِلَّا مَآ أَرَىٰ وَمَآ أَهۡدِيكُمۡ إِلَّا سَبِيلَ ٱلرَّشَادِ ﴿٢٩﴾

**29**

يَا قَوْمِ = എന്റെ ജനമേ لَكُمُ الْمُلْكُ الْيَوْمَ = നിങ്ങൾക്ക് ഇന്ന് (രാജ്യ) അധികാരമുണ്ട്

ظَاهِرِينَ فِي الْأَرْضِ = ഭൂമിയിൽ ജേതാക്ക(ളുമാകുന്നു) ളായ നിലയിൽ

فَمَن يَنصُرُنَا = (പക്ഷെ) നമ്മെ സഹായിക്കുക(തുണക്കാനുണ്ടാവുക) ആരാണ്

مِن بَأْسِ اللَّهِ = അല്ലാഹുവിന്റെ ശക്തിയിൽനിന്ന് إِن جَاءَنَا = അത് നമുക്ക് (എതിരെ) വന്നുവെ(രികയാണെ)ങ്കിൽ

قَالَ فِرْعَوْنُ = ഫറവോൻ പ്രസ്താവിച്ചു

مَا أُرِيكُمْ إِلَّا مَا أَرَىٰ = ഞാൻ കാണുന്നതല്ലാതെ നിങ്ങളെ കാണിക്കുന്നില്ല (ഗഹനമായി ആലോചിച്ചു കണ്ടെത്തിയതു മാത്രമാകുന്നു നിങ്ങളോടു പറയുന്നത്

وَمَا أَهْدِيكُمْ إِلَّا سَبِيلَ الرَّشَادِ = വിവേകത്തിന്റെ മാർഗത്തിൽ അല്ലാതെ ഞാൻ നിങ്ങളെ നയിക്കുന്നില്ല (നേർവഴിക്കു തന്നെയാണ് ഞാൻ നിങ്ങളെ നയിക്കുന്നത്

വിശ്വാസി രാജസഭയെ ഉൽബോധിപ്പിച്ചു: സുഹൃത്തുക്കളേ, നമുക്ക് ഇന്ന് ജനങ്ങളുടെ മേൽ തികഞ്ഞ നിയന്ത്രണവും അധികാരവുമുണ്ട്. ഭൂമിയിൽ നാം ജേതാക്കളും വീരശൂര പരാക്രമികളുമാണ്. അതൊന്നും പക്ഷെ അക്രമവും അനീതിയും അധർമവും ചെയ്യാൻ നമുക്ക് അനുമതി നൽകുന്നില്ല. ഏതൊരാളെയും അന്യായമായി ഹിംസിക്കുന്നത് മഹാപാപമാകുന്നു. അധികാരത്തിലും ശക്തിയിലും ധർമാധർമബോധമില്ലാതെ പ്രവർത്തിച്ചു കൂടാ. അങ്ങനെ കടിഞ്ഞാണില്ലാതെ വിഹരിക്കുമ്പോൾ നമ്മോടെതിരിടാൻ കരുത്തുള്ളവരാരുമില്ലെന്ന് നാം അഹങ്കരിക്കുന്നു. പക്ഷെ ഒരതിരു കഴിഞ്ഞാൽ അല്ലാഹുവിന്റെ ശക്തി നമുക്കെതിരെ വരും. അല്ലാഹു അവന്റെ അജയ്യ ശക്തി നമുക്കെതിരെ അയക്കുമ്പോൾ അത് നേരിടാൻ നമ്മുടെ ശക്തിയും ശൗര്യവുമൊന്നും മതിയാവില്ല. അപ്പോൾ ആരാണ് നമ്മളെ സഹായിക്കാനുണ്ടാവുക? ഈ പ്രഭാഷണം സഭയെ സ്വാധീനിക്കുന്നുവെന്ന് കണ്ടപ്പോൾ ഫറവോൻ ഇടപെട്ടു: നന്നായി ആലോചിച്ച് ഉചിതവും ബുദ്ധിപൂർവവുമെന്ന് എിക്ക് ബോധ്യപ്പെട്ട കാര്യമാണ് ഞാൻ പറഞ്ഞത്. ഞാൻ നിങ്ങളുടെ രാജാവാണ്. ശരിയായ മാർഗത്തിൽ മാത്രമേ ഞാൻ നയിക്കൂ. ഇയാൾ സൂചിപ്പിക്കുന്നതുപോലെ നമ്മുടെ പ്രയാണം ഒരിക്കലും തെറ്റായ മാർഗത്തിലല്ല. ആപത്തിലേക്കുള്ള നീക്കവുമല്ല. അതുകൊണ്ട് ഇയാളുടെ ഉപദേശം നിങ്ങൾ അവഗണിക്കണം. ظَاهِر ന്റെ ബഹുവചനമാണ് ظَاهِرِينَ. പ്രത്യക്ഷമായവർ, മികച്ചു നിൽക്കുന്നവർ, ജേതാക്കൾ, ഉന്നതർ തുടങ്ങിയ ആശയങ്ങൾ വഹിക്കുന്നതാണ് ظَاهِرِينَ. ഊറ്റവും യുദ്ധവും ശക്തിയും ശത്രുതയുമൊക്കെ بَأْس ആകുന്നു. بَأْسِ اللَّهِ കൊണ്ട് ഉദ്ദേശ്യം അല്ലാഹുവിന്റെ ശിക്ഷയാണ്. رَأْي (കാഴ്ച) ന്റെ സകർമക ക്രിയാ രൂപമാണ് أَرَى-يُرِي. എന്നെ കാണിച്ചതല്ലാതെ ഞാൻ നിങ്ങളെ കാണിക്കുന്നില്ല എന്നാണ് വാക്കർഥം. എന്റെ ചിന്തയും നിരീക്ഷണവും എന്നെ ബോധ്യപ്പെടുത്തിയ കാര്യമാണ് നിങ്ങളോടു പറയുന്നത് എന്നാണിതിന്റെ ആശയം. ●

30. ആ സത്യവിശ്വാസി പറഞ്ഞു: എന്റെ ജനമേ, ഒട്ടനവധി കക്ഷികൾ നേരിട്ടതുപോലുള്ള ഒരു ദുർദിനം നിങ്ങളും നേരിട്ടേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.

وَقَالَ ٱلَّذِيٓ ءَامَنَ يَٰقَوۡمِ إِنِّيٓ أَخَافُ عَلَيۡكُم مِّثۡلَ يَوۡمِ ٱلۡأَحۡزَابِ ﴿٣٠﴾

31. നൂഹിന്റെ ജനതയെയും ആദ്, ഥമൂദ് ജനതകളെയും അവർക്കുശേഷം പല ജനതകളെയും കീഴ്വഴക്കമായി ബാധിച്ചുവന്നതുപോലൊരു ദുർദിനം. എന്നാൽ അല്ലാഹു അവന്റെ ദാസന്മാരെ അക്രമിക്കാനാഗ്രഹിക്കുന്നില്ല.

مِثۡلَ دَأۡبِ قَوۡمِ نُوحٖ وَعَادٖ وَثَمُودَ وَٱلَّذِينَ مِنۢ بَعۡدِهِمۡۚ وَمَا ٱللَّهُ يُرِيدُ ظُلۡمٗا لِّلۡعِبَادِ ﴿٣١﴾

**30,31**

وَقَالَ الَّذِي آمَنَ = സത്യവിശ്വാസിയായവൻ പറഞ്ഞു يَا قَوْمِ = എന്റെ ജനമേ
إِنِّي أَخَافُ عَلَيْكُم = നിങ്ങളുടെ മേൽ (നിങ്ങളും നേരിട്ടേക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു
مِّثْلَ يَوْمِ الْأَحْزَابِ = (ഒട്ടനവധി) കക്ഷികളുടെ ദിനംപോലെ (കക്ഷികൾ നേരിട്ടതുപോലുള്ള ഒരു ദുർദിനം)
مِثْلَ دَأْبِ قَوْمِ نُوحٍ وَعَادٍ وَثَمُودَ = നൂഹ് ജനതയുടെയും ആദിന്റെയും സമൂദിന്റെയും കീഴ് വഴക്കം പോലെ
(കീഴ്‌വഴക്കമായി ബാധിച്ചു വന്നതുപോലൊരു ദുർദിനം)
وَالَّذِينَ مِن بَعْدِهِمْ = അവക്കു ശേഷം ഉള്ളവരെയും (പല ജനതകളെയും)
وَمَا اللَّهُ يُرِيدُ = അല്ലാഹു ആഗ്രഹിക്കുന്നില്ല ظُلْمًا لِّلْعِبَادِ = (അവന്റെ) ദാസന്മാർക്ക് അക്രമം (ദാസന്മാരെ അക്രമിക്കാൻ)

സത്യവിശ്വാസിയായ പ്രഭാഷകൻ ഫറവോനെ ശരിവെക്കുകയോ നിഷേധിക്കുകയോ ചെയ്തില്ല. അതിന്റെ കാരണം വ്യക്തമാണ്. എന്നാൽ ഫറവോന്റെ നിലപാടിനെ നിഷേധിക്കുന്ന ചരിത്ര സംഭവങ്ങളിലേക്ക് വിരൽ ചൂണ്ടുകയാണദ്ദേഹം ചെയ്തത്: നശിച്ചു പോയ അനേകം മഹാജനതകളുടെ ചരിത്രം നമ്മുടെ മുന്നിലുണ്ട്. നൂഹ് ജനത, ആദു വർഗം, ഥമൂദ് വർഗം, അവർക്കു ശേഷവും പല ജനങ്ങൾ. അവരിലൊക്കെയും സത്യപ്രവാചകന്മാർ ആഗതരായിരുന്നു. അവരാ പ്രവാചകന്മാരെ തള്ളിപ്പറയുകയും ദ്രോഹിക്കുകയും ചെയ്തു. നമ്മൾ മൂസായെ ആക്ഷേപിക്കുന്നതുപോലെ കള്ളൻ, തട്ടിപ്പുകാരൻ, ദേശദ്രോഹി എന്നൊക്കെ അവരും പ്രവാചകന്മാരെ ആക്ഷേപിച്ചു. തങ്ങളുടെ മതവും സംസ്കാരവും സാമൂഹിക വ്യവസ്ഥയും ലോകത്തിലേറ്റം മികച്ചതാണെന്ന് ഓരോ സമൂഹവും അഭിമാനിച്ചു. തങ്ങളുടെ ശക്തിയെയും കഴിവിനെയും വികാസത്തെയും വെല്ലാനാരുമില്ലെന്ന് ഊറ്റം കൊണ്ടു. സത്യവും ധർമവും നീതിയുമൊക്കെ തങ്ങൾ തീരുമാനിക്കുന്നതാണെന്നഹങ്കരിച്ചു. അങ്ങനെ അസത്യത്തിന്റെയും അധർമത്തിന്റെയും പാതയിലൂടെ കുതിച്ചു മുന്നേറിക്കൊണ്ടിരുന്നപ്പോൾ, പെട്ടെന്നൊരുനാൾ അല്ലാഹുവിന്റെ ശിക്ഷ അവരെ ഈ ലോകത്തുനിന്ന് ഉന്മൂലനം ചെയ്യുകയായിരുന്നു. ചിലർ മഹാപ്രളയത്തിൽ മുങ്ങിയൊടുങ്ങി. ചിലർ ഭൂകമ്പത്തിലാണ്ടുപോയി, ചിലർ കൊടുങ്കാറ്റിൽ പാറിപ്പോയി. ചിലർ ഭീകര സ്ഫോടനത്താൽ സ്വവസതികളിൽ മരിച്ചുവീണു. ഇതൊന്നും അല്ലാഹു അവന്റെ ദാസന്മാരെ അക്രമിക്കുകയായിരുന്നില്ല അവർ സ്വന്തം അക്രമത്തിന്റെയും ദുഷ്ചെയ്തികളുടെയും തിക്തഫലം അനുഭവിക്കുകയായിരുന്നു. ഈ നഷ്ട ജനതകളുടെ പാത പിന്തുടരുന്നതിലൂടെ അതേ ഭീകരമായ അന്ത്യം നമ്മളും നേരിടേണ്ടിവരുമെന്ന് ഞാൻ ഭയപ്പെടുകയാണ്. ●


**ബോധനം**
ത്രൈമാസിക

**അടുത്ത ലക്കം 2022 ഫെബ്രുവരി ആദ്യവാരം പ്രസിദ്ധീകരിക്കുന്നു**



**ദീനെ ഇബ്റാഹീം: ആവിഷ്കാരത്തിനു പിന്നിലെ ഒളിയജണ്ടകൾ**
■ അബ്ദുല്ലത്വീഫ് കൊടുവള്ളി

**ദീനെ ഇബ്റാഹീം: ഗൂഢലക്ഷ്യത്തോടെയുള്ള സാങ്കേതിക പദപ്രയോഗം**
■ സലീല

**■ ദീനെ ഇബ്റാഹീം: ലോക പണ്ഡിതവേദിയുടെ ഫത്‌വ**

**മാംസാഹാരത്തിന്റെ ഹലാൽ - ഹറാം വിധികൾ**
■ മൗലാനാ മൗദൂദി

**സ്ത്രീകളുടെ വിവാഹ മോചനാവകാശം**
■ കെ. ഇൽയാസ് മൗലവി

**ഖുർആൻ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലം - ഒരുപഠനം**
■ കെ.എം. അശ്റഫ്

**വംശമൂലം ഇസ്‌ലാമിക ശരീഅത്തിൽ**
■ ഡോ. അലി മുഹമ്മദി

**സൂറത്തുൽ ഫാതിഹയിലെ പദങ്ങളുടെ ഭാഷാ വിശകലനം**
■ നൗഷാദ് ചേനപ്പാടി

**ശൈഖ് ഹസൻ അയ്യൂബ്**
■ പി.കെ ജമാൽ

കൂടാതെ, മറ്റു ലേഖനങ്ങളും തുടർ പംക്തികളും

**കോപ്പികൾക്ക് മുൻകൂട്ടി വരിചേരുക.**
**വാർഷിക വരിസംഖ്യ: 100 രൂപ**
**ഒറ്റ പ്രതി: 25 രൂപ**

വില
₹ 25

വിലാസം: ബോധനം ത്രൈമാസിക, ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാടുകുന്ന്, കോഴിക്കോട് - 12 ഫോൺ: 0495 2730727